## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

03.03.2020 ൽ മറുപടിക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : T 493**

### സിറ്റി ഗ്യാസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.എം. സി. കമറുദ്ദീൻ**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | പാചക ആവശ്യത്തിനുള്ള ദ്രവീകൃത പ്രകൃതി വാതകം പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന സിറ്റി ഗ്യാസ് പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേക്കും വാഹനങ്ങൾക്കും പ്രകൃതി വാതക വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തി-യിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകുവാനായി പ്രധാന പൈപ്പിൽ നിന്നും "Tap Off" സംവിധാനം പൈപ്പ്ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചുകഴിഞ്ഞു.<br><br>നിലവിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനി എറണാകുളം ജില്ലയിലെ നഗരസഭകളായ തൃക്കാക്കര, കളമശേരി എന്നീ പ്രദേശത്തുള്ള ആറു വാർഡുകളിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തൃക്കാക്കര നഗരസഭയിലെ 7500-ൽ പരം വീടുകളിലും, കളമശ്ശേരി നഗരസഭയിലെ 4500 -ൽ പരം വീടുകളിലും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തൃപ്പൂണിത്തുറ നഗരസഭയിലെ 10 വാർഡിലും, തൃക്കാക്കര |
| (ബി) | ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | | |
|---|---|---|---|---|
| | | | | നഗരസഭയിലെ 10 വാർഡിലും, ഏലൂർ നഗരസഭയിലെ 6 വാർഡിലും ഗാർഹിക കണക്ഷൻ ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു.ഇത് കൂടാതെ നിലവിൽ 7 CNG സ്റ്റേഷൻസും, CSEZ വ്യവസായ മേഖലയിലും ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.<br><br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി AGP City Gas Pvt. Ltd. എന്ന കമ്പനിയെയാണ് പെട്രോളിയം & നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി, പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ജില്ലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ പദ്ധതി നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുവാനുള്ള പതിനൊന്നാം റൗണ്ട് ബിഡ്ഡിങ് പ്രോസസ്സിംഗിനുള്ള നടപടികൾ ആരംഭിച്ചതായി അറിയുന്നു. |

**സെക്ഷൻ ഓഫീസർ**